# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *518 02/07/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതിയിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിയിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയുടെ 2013-14 ലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. എസ്.എസ്.എൽ.സി, +2, ഹയർ സെക്കന്ററി, പി.ജി, ഡിപ്ലോമ, റ്റി.റ്റി.സി, പ്രൊഫഷണൽ കോഴ്സുകൾ മുതലായ പൊതു പരീക്ഷകളിൽ മികച്ച ഗ്രേഡുകൾ വാങ്ങി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം നൽകിയിട്ടുണ്ട്. ഓരോ കോഴ്സിനും സർക്കാർ ഉത്തരവ് നം.1460/13 തീയതി 21/10/2013 പ്രകാരം അനുവദിച്ച പുതിയ നിരക്കിലുള്ള തുകയും ചുവടെ ചേർക്കുന്നു. |

**പഴയ നിരക്ക്**

| കോഴ്സ് | ഫസ്റ്റ് ക്ലാസ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|
| എസ്.എസ്.എൽ.സി | 750 | 1500 |
| +2, ഡിപ്ലോമ, റ്റി.റ്റി.സി, പോളിടെക്നിക്, വി.എച്ച്.എസ്.സി | 1000 | 2000 |
| ഡിഗ്രി | 1500 | 3000 |
| പി.ജി പ്രൊഫഷണൽ കോഴ്സുകൾ | 2000 | 4000 |

**പുതിയ നിരക്ക്**

| കോഴ്സ് | ഫസ്റ്റ് ക്ലാസ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|
| എസ്.എസ്.എൽ.സി | 1500 | 2500 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>+2, ഡിപ്ലോമ, റ്റി.റ്റി.സി, പോളിടെക്നിക്, വി.എച്ച്.എസ്.സി</td><td>2500</td><td>5000</td></tr>
<tr><td>ഡിഗ്രി</td><td>3500</td><td>7500</td></tr>
<tr><td>പി.ജി പ്രൊഫഷണൽ കോഴ്സുകൾ</td><td>5000</td><td>10000</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത വർഷം എത്ര വിദ്യാർത്ഥികൾക്കാണ് അതിന്റെ പ്രയോജനം ലഭിച്ചത്;</td><td>(ബി)</td><td>10325 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു.</td></tr>
<tr><td>(സി)</td><td>2014-15-ൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ ആയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ ?</td><td>(സി)</td><td>ഉണ്ട്. 2014-15 വർഷം പ്രോത്സാഹന സമ്മാന പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് ആകെ 2,78,50,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം നൽകുന്ന സമ്മാനത്തുക വർദ്ധിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

**സ.ഉ.(സാധാ) നം.1460/2013/പജപവവിവ. തിരുവനന്തപുരം, തീയതി, 21/10/2013.**

---

പരാമർശം:- 1) സ.ഉ(എം.എസ്)നം.952/2005/പജപവവിവ തീയതി 15/10/2005.
2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22/12/2011 ലെ ഡെവ.സി2/8755/11 നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിലൂടെ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സുകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന പ്രോത്സാഹന തുകയ്ക്കൊപ്പം പ്രസ്തുത കോഴ്സുകളിൽ ഡിസ്റ്റിംഗ്ഷൻ വാങ്ങുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി ഏർപ്പെടുത്തുകയുണ്ടായി. ഇപ്രകാരം നൽകിവരുന്ന തുകകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം രണ്ടിലെ കത്തു പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തുകയുടെ നിരക്ക് ചുവടെ ചേർക്കുന്നവിധം വർദ്ധിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

| കോഴ്സ് | ഫസ്റ്റ് ക്ലാസ്സ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|
| എസ്.എസ്.എൽ.സി | 1,500 | 2,500 |
| +2, ഡിപ്ലോമ, റ്റി.റ്റി.സി, പോളിടെക്നിക്ക്, വി.എച്ച്.എസ്.സി | 2,500 | 5,000 |
| ഡിഗ്രി | 3,500 | 7,500 |
| പി.ജി, പ്രൊഫഷണൽ കോഴ്സുകൾ | 5,000 | 10,000 |

പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക "2225-01-277-57 (പി) " എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എസ്.യു. രാജീവ്
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (നം.5546/WW3/13/Fin)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ

പകർപ്പ്: ജോയിന്റ് സെക്രട്ടറിയുടെ സി.എ.